ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. : DTETVM/2590/2025-C2 (ACA) തീയതി:19-03-2025

**<u>പരിപത്രം</u>**

വിഷയം:- സാങ്കേതികം - വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം - അക്കാദമിക് സെക്ഷൻ - ഹാജർ കുറവ്മാപ്പാക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി - സംബന്ധിച്ച്.

സൂചന :- 27.8.2024 തീയതിയിലെ ഈഓഫീസിലെ ഉത്തരവ്നം.C2/29613/21DTE

ഈ വകുപ്പിന് കീഴിലുള്ളപോളിടെക്നിക്ക് കോളേജുകളിൽ 2025 ഏപ്രിൽ മാസത്തിൽ നടക്കുന്ന (റിവിഷൻ 21- S2, S4, S6) റഗുലർ ഡിപ്ലോമ പരീക്ഷയ്ക്കുള്ള വിദ്യാർഥികളുടെ ഹാജർ കുറവ് മാപ്പാക്കലിനുള്ള അപേക്ഷ റഗുലർ ക്ലാസുകൾ കഴിഞ്ഞാലുടൻ തന്നെ സ്ഥാപനമേധാവി വിദ്യാർഥികളിൽ നിന്നും സ്വീകരിച്ച് ആവശ്യമായ രേഖകൾ സഹിതം ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്. Condonation ഫീസുകൾ സൂചന (1) പ്രകാരം വിദ്യാർഥികൾ ഒടുക്കേണ്ടതാണ്. സെമസ്റ്റർ S4, S6 വിദ്യാർഥികളുടെ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 28.03.2025 വൈകുന്നേരം 5 മണി വരെയും, S2 വിദ്യാർഥികളുടെ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 15.04.2025 വൈകുന്നേരം 5 മണി വരെയും ആണ് എന്നുള്ള വിവരം എല്ലാ പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽ മാരെയും അറിയിക്കുന്നു. അവസാന തീയതി കഴിഞ്ഞ് വരുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. വിദ്യാർഥികളുടെ അപേക്ഷയും അനുബന്ധ രേഖകളും ട്യൂട്ടർ, HOD, സ്ഥാപനമേധാവി എന്നിവർ സൂക്ഷ്മ പരിശോധന നടത്തുകയും ഒപ്പ് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. കൂടാതെ വിദ്യാർഥികൾ സമർപ്പിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ ട്യൂട്ടർ കൌണ്ടർ സൈൻ ചെയേണ്ടതുമാണ്. രേഖകൾ അയക്കുന്ന തപാലിൽ URGENT-CONDONATION - ACADEMIC എന്ന് SUBJECT രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷയുടെ ഹാർഡ് കോപ്പി മേൽ പറഞ്ഞ ദിവസങ്ങളിൽ തന്നെ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.ഇത് സംബന്ധിച്ച ഇമെയിൽ താഴെ കൊടുത്തിരിക്കുന്ന അഡ്രസ്സിൽ മാത്രം അയക്കേണ്ടതാണ് , സമയ ബന്ധിതമായി ചെയ്യേണ്ടതിനാൽ മറ്റു ഇമെയിൽ അഡ്രസിലേക്കു അയക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല
**mail Id:c2dteacademicsection@gmail.com**

Seema K N
SENIOR JOINT DIRECTOR (PS)

Signed by
Seema K N
Date: 19-03-2025 12:00:16

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ പോളിടെക്നിക് പ്രിസിപ്പാൾമാർക്കും ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി